പതിനാലാം കേരള നിയമസഭ

**നാലാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1899*** ***07.03.2017 ലെ മറുപടിക്ക്***

## ***സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്റർ***

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. അബ്ദുറബ്ബ് | | ശ്രീ. പിണറായി വിജയൻ<br>***(മുഖ്യമന്ത്രി)*** |
| (എ) നോർക്ക റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററുകൾ എവിടെയെല്ലാമുണ്ട് ; ഇതുവഴി ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് സാക്ഷ്യപ്പെടുത്തി നൽകുന്നത്; | (എ) | **നോർക്ക റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നി ജില്ലകളിലാണ് പ്രവർത്തിക്കുന്നത്. ഇതുവഴി വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളാണ് സാക്ഷ്യപ്പെടുത്തി നൽകുന്നത്.** |
| (ബി) ഇതിനായി സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥർ ആരെല്ലാം ; അവരുടെ തസ്തികയടക്കമുള്ള വിശദവിവരം ലഭ്യമാക്കുമോ ; | (ബി) | **ഇതിനായി സർക്കാർ നിയോഗിക്കുന്നത് ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ നിന്നും പൊതു ഭരണ വകുപ്പിലെ ജോയിന്റ് / അഡിഷണൽ സെക്രട്ടറി റാങ്കിലെ ഉദ്യോഗസ്ഥരെയാണ്. നോർക്ക റൂട്ട്സിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഓതന്റിക്കേഷൻ ഓഫീസർമാരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.** |

**സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്റർ**

| | |
|---|---|
| **തിരുവനന്തപുരം** | **ശ്രീ. ഐസക്ക് ഇട്ടി, അഡീഷണൽ സെക്രട്ടറി** |
| **എറണാകുളം** | **ശ്രീമതീ. വി സി മേരി കുഞ്ഞ്, അഡീഷണൽ സെക്രട്ടറി** |
| **കോഴിക്കോട്** | **ശ്രീ. ടി. കെ. രാധാകൃഷ്ണൻ, ജോയിന്റ് സെക്രട്ടറി** |

| | | |
|---|---|---|
| (സി) നോൺ അക്കാദമിക് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്താൻ നോർക്കയിൽ സംവിധാനം ഉണ്ടോ; ഇതിനായി അറ്റസ്റ്റേഷൻ നടത്തുന്നവരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; | (സി) | നിലവിൽ നോർക്കയിൽ സംവിധാനം ഇല്ല. ആഭ്യന്തര വകുപ്പിന് കീഴിൽ സെക്രട്ടറിയേറ്റിൽ ഇത്തരം സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്ത് നൽകുന്നുണ്ട്. |

| | |
|---|---|
| (ഡി) ഇത്തരം സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്താൻ കാസർഗോഡുള്ളവരും തിരുവനന്തപുരത്ത് വരേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ഹോം അറ്റസ്റ്റേഷൻ സംവിധാനം നോർക്ക റൂട്ട്സിന്റെ മൂന്ന് മേഖലാ കേന്ദ്രങ്ങൾ വഴി ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ; നിലവിലുള്ള സംവിധാനം ഉപയോഗിച്ച് തന്നെ ഉദ്യോഗസ്ഥ പുനർവിന്യാസം വഴി അധികച്ചെലവില്ലാതെ ഇക്കാര്യം പ്രാവർത്തികമാക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

Shijith

സെക്ഷൻ ഓഫീസർ.